**കേരള സർക്കാർ**

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി)വകുപ്പ്**

നം.ഉപ.സി.2/280/2022/ഉഭപവ തിരുവനന്തപുരം, തീയതി :05.08.2024

**<u>സർക്കുലർ</u>**

വിഷയം:- ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ്- സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ സ്പെഷ്യലൈസ്ഡ് വിഭാഗം ജീവനക്കാരൊഴികെയുള്ള ഗസറ്റഡ് ജീവനക്കാർക്ക് പെർഫോമൻസ് അപ്രൈസൽ റിപ്പോർട്ടിന്മേൽ അപ്പീൽ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. 14.03.2022 ലെ ഉപ.സി2/118/2021/ഉഭപവ നമ്പർ സർക്കുലർ
2. 18.04.2022 ലെ ഉപ.സി2/118/2021/ഉഭപവ നമ്പർ സർക്കുലർ

സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ സ്പെഷ്യലൈസ്ഡ് വിഭാഗം ജീവനക്കാരൊഴികെയുള്ള ഗസറ്റഡ് ജീവനക്കാർക്ക് പുതുക്കിയ പെർഫോമൻസ് അപ്രൈസൽ ഫോം നടപ്പിലാക്കിക്കൊണ്ട് സൂചന(1) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. പെർഫോമൻസ് അപ്രൈസൽ റിപ്പോർട്ടിന്മേലുള്ള അപ്പീലുകൾ പരിശോധിക്കുന്നതിനും തീർപ്പാക്കുന്നതിനുമായി റഫറൽ ബോർഡുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദേശങ്ങൾ സൂചന(2) സർക്കുലർ പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

വാർഷിക രഹസ്യരേഖ പൂരിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഫോമിനോടൊപ്പം ചേർത്തിട്ടുള്ള പൊതുവായ മാർഗ്ഗനിർദേശങ്ങളിലെ ഖണ്ഡിക 8 പ്രകാരം Accepting Authority അഭിപ്രായം രേഖപ്പെടുത്തി ഓഫീസർക്ക് തിരിച്ചയയ്ക്കുന്ന റിപ്പോർട്ടിൽ ഉദ്യോഗസ്ഥന് (Officer reported upon) തന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നതിനും തന്റെ പെർഫോമൻസ് അപ്രൈസൽ റിപ്പോർട്ട് പുന:പരിശോധിക്കുന്നതിനായി വീണ്ടും സമർപ്പിക്കാവുന്നതുമാണ്.ഉദ്യോഗസ്ഥന്റെ

അഭിപ്രായം അംഗീകരിച്ചുകൊണ്ട് വാർഷിക രഹസ്യരേഖയിലെ രേഖപ്പെടുത്തലുകൾ ഭേദഗതി ചെയ്യുന്നതിനും, അത് അംഗീകരിക്കുന്നില്ലെങ്കിൽ ആയതിനുള്ള കാരണം സഹിതം Reporting/Reviewing/Accepting അധികാരികൾക്ക് ടി വിവരം ഉദ്യോഗസ്ഥനെ അറിയിക്കാവുന്നതുമാണ്. ഇപ്രകാരം SCORE മുഖേനയുള്ള മേൽ അപ്പീൽ സംവിധാനം പ്രയോജനപ്പെടുത്തിയതിനു ശേഷം മാത്രമേ ഉദ്യോഗസ്ഥന് റഫറൽ ബോർഡിനെ സമീപിക്കാൻ കഴിയുകയുള്ളൂ.

മേൽവിവരിച്ച സാഹചര്യത്തിൽ സൂചന സർക്കുലറിലെ ഖണ്ഡിക 8 ൽ പരാമർശിച്ചിട്ടുള്ള റഫറൽ ബോർഡ് എന്നത് കോൺഫിഡൻഷ്യൽ റിപ്പോർട്ട് സംബന്ധിച്ചുള്ള തർക്കങ്ങൾ/അഭിപ്രായ വ്യത്യാസങ്ങൾ തീർപ്പാക്കുന്നതിനുള്ള അവസാന പരിഹാര മാർഗ്ഗമായി പരിഗണിക്കേണ്ടതാണെന്നും SCORE മുഖാന്തിരമുള്ള മേൽ അപ്പീൽ സംവിധാനം വിനിയോഗിച്ച ശേഷം മാത്രമേ ജീവനക്കാർ റഫറൽ ബോർഡിനെ സമീപിക്കുവാൻ പാടുള്ളൂ എന്നും സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലെയും സ്പെഷ്യലൈസ്ഡ് വിഭാഗം ജീവനക്കാരൊഴികെയുള്ള ഗസറ്റഡ് ജീവനക്കാർക്ക് നിർദ്ദേശം നൽകുന്നു.

സൂചന(1) സർക്കുലറിലെ പൊതുമാർഗ്ഗ നിർദേശങ്ങളിലെ ഖണ്ഡിക 8 പ്രകാരമുള്ള വ്യവസ്ഥകൾക്ക് അനുസൃതമായി ഉദ്യോഗസ്ഥർക്ക് അപ്പീൽ സമർപ്പിക്കുന്നതിന് SCORE സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ ധനകാര്യ വകുപ്പ് സ്വീകരിക്കേണ്ടതാണ്.

പുനീത് കുമാർ ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്കും

എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.

ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം)

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം)

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്തു സഹിതം)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം/ തിരുവനന്തപുരം(ആമുഖ കത്തു സഹിതം)

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ സെക്ഷനുകൾക്കും.

വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് (www.pard.kerala.gov.in എന്ന വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ